# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *9 — 28.01.2019-ൽ മറുപടിക്ക്

## സംഘപരിവാർ അതിക്രമങ്ങളിൽ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. പ്രദീപ്കുമാർ<br>ശ്രീ.ജോർജ് എം. തോമസ്<br>ശ്രീമതി യു. പ്രതിഭ<br>ശ്രീ.സി.കൃഷ്ണൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ആത്മഹത്യയും അപകടമരണവും ഹർത്താലിന് കാരണമാക്കി മാറ്റുന്ന സംഘപരിവാർ തീവ്രവാദികളുടെ നിലപാട് തള്ളിക്കൊണ്ട് വ്യാപാര സ്ഥാപനങ്ങൾ തുറക്കാൻ ശ്രമിച്ചവർക്കുനേരെ ആക്രമണം നടത്തുകയും വ്യാപാര സ്ഥാപനങ്ങൾക്ക് കേടുപാടു വരുത്തുകയും ചെയ്തവർക്കെതിരെ സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | (എ) സംസ്ഥാനത്ത് ഹർത്താലുകൾ പ്രഖ്യാപിച്ചും അതിന്റെ മറവിൽ വ്യാപാര സ്ഥാപനങ്ങൾ തുറക്കാൻ ശ്രമിച്ചവർക്കുനേരെ ആക്രമണം നടത്തുകയും വ്യാപാര സ്ഥാപനങ്ങൾക്ക് കേടുപാടു വരുത്തുകയും ചെയ്തവർക്കെതിരെ കർശനമായ നടപടികളാണ് പോലീസ് സ്വീകരിച്ചിട്ടുള്ളത്. ഹർത്താൽ ആഹ്വാനം ചെയ്ത ശബരിമല കർമ്മസമിതി RSS/BJP പ്രവർത്തകർക്കെതിരെ 2018 നവംബർ മാസത്തിൽ 1445 പേരെ പ്രതിയാക്കി 32 കേസുകൾ രജിസ്റ്റർ ചെയ്തു, 244 പേരെ അറസ്റ്റു ചെയ്തതിൽ 25 പേരെ റിമാന്റ് ചെയ്തു. അതിൽ മൂന്ന് പേർ ഇപ്പോഴും റിമാന്റിൽ തുടരുന്നു. 2018 ഡിസംബർ മാസത്തിൽ 255 പേരെ പ്രതിയാക്കി 2 കേസുകൾ രജിസ്റ്റർ ചെയ്തതിൽ 2 പേരെ അറസ്റ്റ് ചെയ്തു. 2019 ജനുവരിയിൽ 3694 പേരെ പ്രതിയാക്കി 30 കേസുകൾ രജിസ്റ്റർ ചെയ്തു, 925 പേരെ അറസ്റ്റ് ചെയ്തതിൽ 258 പേരെ റിമാന്റ് ചെയ്തു. അതിൽ 124 |

പേർ ഇപ്പോഴും റിമാന്റിൽ തുടരുന്നു.

(ബി) ശബരിമലയിൽ ദർശനം നടത്തിയ വിശ്വാസികളായ യുവതികളുടെ ജീവനുനേരെ ഉയർത്തിയ ഭീഷണി നേരിടുന്നതിനും അവരുടെയും നവോത്ഥാന വനിതാമതിലിൽ പങ്കെടുത്തവരുടെയും വസതികൾ ആക്രമിച്ചവരെ മാതൃകാപരമായി ശിക്ഷിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇത്തരം സംഭവങ്ങളിൽ കുറ്റക്കാർക്കെതിരെ കേസ്സുകൾ രജിസ്റ്റർ ചെയ്ത് കർശന നിയമ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. വനിതാ മതിലിൽ പങ്കെടുത്തു എന്ന കാരണത്താൽ കാസർഗോഡ് ജില്ലയിൽ വീട് അടിച്ച് തകർത്ത ഒരു സംഭവം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച് കാസർഗോഡ് പോലീസ് സ്റ്റേഷൻ ക്രൈം നം.14/19 u/s 143, 147, 448, 427, 294(b), 506(i) IPC പ്രകാരം ഒരു കേസ് രജിസ്റ്റർ ചെയ്യുകയും ബി.ജെ.പി. പ്രവർത്തകനായ ഒരു പ്രതിയെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

(സി) എം.എൽ.എ.മാർ ഉൾപ്പെടെയുള്ള പൊതുപ്രവർത്തകരുടെ വീട് ആക്രമിക്കുകയും കാസർഗോഡ് ജില്ലയിലെ ചേറ്റുകണ്ടിൽ നവോത്ഥാന മതിലിൽ പങ്കെടുക്കാനെത്തിയ വനിതകൾക്കുനേരെ ഭീകരമായ ആക്രമണം നടത്തുകയും ചെയ്തവർക്കെതിരെ കർശന നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

(സി) കാസർഗോഡ് ജില്ലയിലെ ചേറ്റുകണ്ടിൽ നവോത്ഥാന മതിലിൽ പങ്കെടുക്കാനെത്തിയ വനിതകൾക്കുനേരെ ആക്രമണം നടത്തിയ സംഭവങ്ങളുമായി ബന്ധപ്പെട്ട് കുറ്റക്കാർക്കെതിരെ 11 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതും 139 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുള്ളതും 109 പേരെ റിമാന്റ് ചെയ്തിട്ടുള്ളതുമാണ്. ശ്രീ.എ.എൻ. ഷംസീർ എം.എൽ.എ. യുടെ വീട് ആക്രമിക്കപ്പെട്ട സംഭവത്തിൽ ന്യൂമാഹി പോലീസ് സ്റ്റേഷനിൽ 04.01.19 - ന് 10/19 നമ്പർ ആയി കേസ് രജിസ്റ്റർ ചെയതിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**